**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1122** **06-02-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട പാണക്കാട്, മേൽമുറി (ഭാഗികം) വില്ലേജുകൾ ഉൾപ്പെടുത്തി കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 8.507 കോടി രൂപയുടെ പ്രൊപ്പോസൽ അമൃത് 2.0 ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി State Mission Management Unit (AMRUT – KERALA) (SMMU) വിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 7.5 MLD ജല ശുദ്ധീകരണ ശാലയുടെയും, 4.5 LL OHSR ന്റെയും നിർമാണം ഉൾപ്പെടുന്നു.<br><br>ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ആനക്കയം പഞ്ചായത്തിൽ നിന്നും നിലവിൽ നടന്നുവരുന്ന പദ്ധതിയിൽ നിന്നും ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ വാർഡ് 1,2,3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താൻ സാധിക്കില്ല. അതിനാൽ പ്രസ്തുത പ്രദേശങ്ങളിലേക്ക് കൂടി കുടിവെള്ളം എത്തിക്കുന്നതിനായി കടലുണ്ടിപ്പുഴയിൽ പുതിയ കിണറും ട്രീറ്റ്മെൻറ് പ്ളാൻറും വിതരണ ശൃംഖലയിൽ നിലവിൽ പൈപ്പ്ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ജലജീവൻ മിഷൻ പദ്ധതിയിൽ നൽകിയിട്ടുണ്ട്. മേൽമുറി കുടിവെള്ളം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | മേൽമുറി കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | മലപ്പുറം നിയോജക മണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട പാണക്കാട്, മേൽമുറി (ഭാഗികം) വില്ലേജുകൾ ഉൾപ്പെടുത്തി കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 8.507 കോടി രൂപയുടെ പ്രൊപ്പോസൽ അമൃത് 2.0 ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി State Mission Management Unit (AMRUT – KERALA) |

| | | | |
|---|---|---|---|
| | | | (SMMU) വിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 7.5 MLD ജല ശുദ്ധീകരണ ശാലയുടെയും, 4.5 LL OHSR ന്റെയും നിർമാണം ഉൾപ്പെടുന്നു.<br><br>ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ആനക്കയം പഞ്ചായത്തിൽ നിലവിൽ നടന്നുവരുന്ന പദ്ധതിയിൽ നിന്നും ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ വാർഡ് 1,2,3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താൻ സാധിക്കില്ല. അതിനാൽ പ്രസ്തുത പ്രദേശങ്ങളിലേക്ക് കൂടി കുടിവെള്ളം എത്തിക്കുന്നതിനായി കടലുണ്ടിപ്പുഴയിൽ പുതിയ കിണറും ട്രീറ്റ്മെൻറ് പ്ളാൻറും വിതരണ ശൃംഖലയിൽ നിലവിൽ പൈപ്പ്ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ജലജീവൻ മിഷൻ പദ്ധതിയിൽ നൽകിയിട്ടുണ്ട്. മേൽമുറി കുടിവെള്ളം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് ഉൾപ്പെട്ട ആനക്കയം പഞ്ചായത്തിലെ പുതുക്കിയ പദ്ധതിക്ക് 2697 ലക്ഷം രൂപയുടെ ഭരണാനുമതി ജല ജീവൻ മിഷനിൽ നൽകിയിട്ടുണ്ട്. ശുദ്ധീകരണശാലയുടെയും മറ്റു ഘടകങ്ങളുടെയും ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു. |
| (ഡി) | രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കാമോ? | (ഡി) | സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പദ്ധതിയാണ് ജല ജീവൻ മിഷൻ. അതിനാൽ ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ